# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1446** **04.12.2014-ൽ മറുപടിക്ക്**

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അവ എന്താണെന്നും ഏതൊക്കെ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാനാണ് സംവിധാനമുള്ളതെന്നും വ്യക്തമാക്കാമോ ? | (ബി) എറണാകുളം കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലബോറട്ടറികളും മറ്റ് 11 ജില്ലകളിൽ ജില്ലാതല ലബോറട്ടറികളും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ക്വാളിറ്റി ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നു.<br>പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രധാന നിർമ്മാണ വസ്തുക്കളായ സിമന്റ്, അഗ്രിഗേറ്റ്, ബിറ്റുമെൻ, ബിറ്റുമെൻ മിശ്രിതം, സ്റ്റീൽ ബാർ, കോൺക്രീറ്റ് മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വർക്ക് സൈറ്റുകളിൽ പരിശോധന നടത്തി കോൺക്രീറ്റ് ബിറ്റുമെൻമിശ്രിതം. എർത്ത് വർക്ക് എന്നിവയുടെ ഫീൽഡ് ടെസ്റ്റുകൾ നിർവ്വഹിക്കാനുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ